# Govt. Higher Secondary School Kayanna

## Little KITE's

2023-2024 BATCH

# Enigma

*Digital Magazine*

കാലം മാറുകയാണ് സാങ്കേതിക വിദ്യയും .അധ്യാപകർ പറയുകയും വിദ്യാർത്ഥികൾ കേൾവിക്കാരായി ഇരിക്കുകയും ചെയ്തിരുന്ന ക്ലാസ് മുറികൾക്കു പകരം കണ്ടും കേട്ടും അറിഞ്ഞും അനുഭവിച്ചും അറിവു നിർമ്മിക്കുന്ന ഇടങ്ങളായി ക്ലാസ് മുറികൾ മാറിക്കൊണ്ടിരിക്കുകയാണ്. വിവര വിനിമയ സാങ്കേതികവിദ്യയുടെ വികാസം ക്ലാസ് മുറികളെ ഇന്ന് മാറ്റി മറിച്ചിരിക്കുന്നു. ക്ലാസ് മുറികൾ മൾട്ടിമീഡിയ മുറികളായി മാറിക്കൊണ്ടിരിക്കുന്നു. ഇന്റർനെറ്റിന്റെ അനന്തസാധ്യതകൾ ക്ലാസ് മുറികളുടെ പരിപ്രേക്ഷ്യം വിപുലപ്പെടുത്തിയിരിക്കുന്നു. ഇവിടെ വിവര വിനിമയ സാങ്കേതികവിദ്യ അടിസ്ഥാനപ്പെടുത്തിയുള്ള പഠനപ്രവർത്തനങ്ങളും ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്. ലിറ്റിൽ കൈറ്റ് പോലുള്ള കുട്ടികളുടെ കൂട്ടായ്മകൾ ഇത്തരത്തിലുള്ള



PRAMOD K V
Head Master
Ghss Kayanna

പ്രവർത്തനങ്ങളാണ് സ്കൂളുകളിൽ നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നത്. സ്കൂൾ ഐ.ടി ക്ലബുകളിൽ തുടങ്ങി ലിറ്റിൽകൈറ്റിൽ എത്തുമ്പോഴേക്കും കുട്ടികളുടെ ആകാശം അതിവിശാലമാവുന്നു അവരുടെ പഠന മേഖലയിലേക്ക് വിവര വിനിമയ സാങ്കേതിക വിദ്യയും ആനിമേഷനും പ്രോഗ്രാമിംഗും തുടങ്ങി പുതിയ തലത്തിലേക്ക് അത് വളരുന്നു ഇത്തരത്തിലുള്ള പ്രവർത്തനങ്ങളുടെ ഭാഗമായാണ് കായണ്ണ ഗവ. ഹയർ സെക്കണ്ടറി സ്കൂൾ ലിറ്റിൽ കൈറ്റ് വിദ്യാർത്ഥികൾ ഒരുക്കിയ ഈ ഡിജിറ്റൽ മാഗസിൻ വിവരവിനിമയ സാങ്കേതികവിദ്യയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തി വർണാഭമായി ഒരുക്കിയ ഈ ഡിജിറ്റൽ മാഗസിൻ നിങ്ങളുടെ മുന്നിൽ സമർപ്പിക്കുകയാണ്



# Editorial Team

Ravidev M Nair 9A

Diyalakshmi 9A

Rithika 9A

Parvana 9A

Sreelakshmi 9A

PoojaSabu 9A

Arunima 9A

Renna Finu 8B

Ameya Parthip 8B



# അക്ഷരമുറ്റം

അക്ഷരങ്ങളാൽ  നിറഞ്ഞൊരുഭാഷ

മലയാളമെന്നൊരു മാതൃഭാഷ

കേരളമെന്നോരു കൊച്ചുനാട്ടിൽ

സ്കൂളിൽ പഠിപ്പിച്ച മലയാള അക്ഷരം

അച്ഛനും അമ്മയും എല്ലാവരും

നമ്മൾക്ക് തന്നത് മലയാള അക്ഷരം

അക്ഷരം അക്ഷരം അന്പത്തൊന്നക്ഷരം

മലയാളമെന്നൊരി കൊച്ചു ഭാഷയിൽ

സ്വരാക്ഷരം പതിനഞ്ചും

വ്യഞ്ജനാക്ഷരം മുപ്പതിയാറുമുണ്ട്

മലയാളമെന്നൊരി ശ്രേഷ്ഠഭാഷ

തുഞ്ചനും കുഞ്ചനും ചെറുശ്ശേരിയും

ആശാനും ഉള്ളൂരും വള്ളത്തോളും

മലയാള അക്ഷരങ്ങൾ കൊണ്ടമ്മാനമാടി

റിമ എസ്. ബി  8B

# THE SUDDEN CHANGE IN BEHAVIOUR

It was a fine morning. Sun was rising up. Birds were flying in the sky,mommy's were cooking in the kitchen, green leafs were glittering in the sun shine. Every thing was going well!But there was a problem. In the one corner of the village there is a boy. His name is AMAL. He was a lazy boy. He was not good at any thing. His parents were worried about his future. His father was a police officer and mother was an office women. So his parents can't take much care for AMAL. He was not only a lazy boy but also a phone addict. yes!!!He take the productive time to play with phone. He play mobile games for a long time. So his eyes became reddish...!AMAL don't like out door games. His friends always call Amal to play with them. But amal didn't like playing with them. So that he always said:Iam not well now so i can't play with you sorry". And amal go to the bed room and watch mobile games. Today AMAL's mother disided that to take a leave from office to spend time with Amal. She went to amal's room. He was still sleeping. Mother wake up amal and said : Good morning Amal. To day we are going to the park." Suddenly Amal wakeup and said: shall i take my phone".mom replayed: nooo dearrr..".Amal said sadly: hoo noo"!!.Mom called amal and said:get ready fast and we want goo fast. Amal and mom get ready fast and went to the car shed. In the journy mother was taiking to him. But don't care it. He was playing with the phone. After one hour journy. They went the beautiful park. In the park there were so many birds, butterfiy,flowers,children,green leaf. The full garden was filled with the beautiful smell of rose, orchid,jasmine,etc. Every one enjoy that morning in the beautifull garden.



Amal and mother sat on a bench near the forest. Yes!!the park was a part of "vellimala forest". Near the bench a boy was playing with the kite. Amal also like kite. Amal's mother saw that amal was looking the boy and kite amal was looking the boyand kite. Mother said to amal "dear go and play with him"what is your name: I am Amith". Amal said: By the by i am Amal. The boy and Amal became close friends.The boy and Amal started playing with the kite. Amal's mother was still watching the all this happening between Amal and Amith. She was so happy now. Because she belived that Amal cant't live with out phone. Now she was playing with a new friend.



Amal and Amith was still playing. Every thig was quite normal. Then suddenly a huge wind blew up. The kite flew away. Amal and Amith run and follow the kite. The kite flew over the sky and went to the forest. And the kite stuck on a big three. The tree was very big and large. They couldn't catch it. At that time amal got an idea. He went to the park keeper and ask a ladder to them. The park keeper give them a ladder. Then they went to the forest. Near the tree and pick that kite .Amal and Amith became happy .After three hours play they desided to go back home. Amal went near the beanch,mother was still sitting on the bench. Amal ran to mother and huged the mother. Amal's mother was surprised by this perfomence of amal.Amal and mother retune home happly. In the journy amal talking a lot to his mother. Amal's mother was surprised. She think that these all changes happened by that boy. Amal met from park. Amal tell everything happen in that park today. After that talk they went home. Then amal's mother decided that she take amal to park every week. So she can change amal's behaviour step by step....!

Rithika. 9A



# MY CHILDHOOD

When i was in child
i like to go to wild
There will be some trees
I like to watch that trees
There will be some birds
I like to hear it ‘s chirp
How beautiful my child hood

When i was in child
I like to go to hill
There will be some wind
I like to feel that wind
There will be sun set
I like to watch sun set
How beautiful my child hood

When i was in child
I like to go to pond
There will be some water
I like to watch that water
There will be some wish
I like to catch that wish
How beautiful my child hood

When i was in child
I like to go to school
There will be my friends
I like to play with friends
There will be my toys
I like to play with toys
How beautiful my child hood

Abhinav E C. 10A

# BEAR'S LOVE

Once there was a woodcutter who lived alone in a small mountain village except his loyal dog for he had no relatives or family. So he would go up into the mountains alone with his dog to collect firewood which they would sell in the city to buy rice. One morning when the woodcutter went into the forest and was searching for wood listening to the birds with the dog running ahead its tail wagging until he spotted what appeared to be an old man ahead. The dog stopped short of the thing and then ran off into the bushes.



“Hey where are you going?” the woodcutter called to his dog and then he noticed that what had thought was an old man really a bear which was moaning pathetically.

Approaching closer he saw that the bear had an arrow sticking out of it.

“Poor thing,”the woodcutter thought “We ought to help you” So he took the arrow out of the bear causing the blood to flow forth. The dog ran forward then and started to lick the wound. The woodcutter meanwhile ripped some wormwood from a tree and put it on the bears wound to make it better.

“Lie quietly and don’t move and the pain should pass soon,”the old woodcutter said kindly to the bear. As the old woodcutter had predicted the bear soon recover with the old man’s help. The grateful bear then like the dog almost never left the old man’s side but would help him pull the firewood. So when the curious people saw the woodcutter coming down out of the mountain they rushed into the streets to greet him and buy his firewood.

The old woodcutter lives thus with the animals and they worked together this way for some time but eventually the old man grew too old and died. The old woodcutter was buried in the mountains and the dog and the bear stayed by his grave. Feeling sorry for them the people would bring them food but they wouldn’t eat. After some time the dog passed away as well leaving the bear alone.

Later when people went up to visit the grave of the woodcutter they couldn’t find the bear anywhere. They began to look for him and beside a road which wound up the hill they saw a large stone which they believed was the bear.

Eventually the bear stone was believed then to have become the village guardian so when people passed it they would bow to it and say “Hello minister bear how are you feeling today?”the people would also ask the bear for help lifting there carts up the steep hill and it was believed that the bear spirit would help good people so that when they had an easy journey up the hill they would thank the bear rock and leave him offerings and pray to him.

DIYALAKSHMI
9-A

# എന്റെ അവധിക്കാല അനുഭവം

ഞാൻ എന്റെ അവധികാലത്തെപറ്റി അവധികാലം തുടങ്ങുന്നതുമുതൽ ഞാൻ ചിന്തിക്കാറുണ്ട്. നിത്യവും പുലർച്ചെ എഴുന്നേറ്റ് എല്ലാം പഠനപ്രവർത്തനങ്ങളും സമയം കണ്ടെത്തി പൂർത്തിയാക്കിയും സ്കൂളിലേക്ക് ഓടുന്നതിനിടയ്ക്ക് കുടുംബത്തോടും മറ്റുള്ളവരോടും ചിലവഴിക്കാൻ ലഭിക്കുന്ന സമയമാണ് രണ്ടുമാസത്തെ അവധികാലം.

ആ രണ്ടുമാസം പെട്ടന്ന് കടന്നുപോവുകയും ചെയ്യും.അവസാന പരീക്ഷകഴിഞ്ഞുവരുന്ന ഞാൻ ഈ അവധികാലം എങ്ങനെ ചിലവഴിക്കുമെന്നോർത്താണ്. പക്ഷേ ഈ വേനലവധികാലം അങ്ങനെ ഒന്നുമല്ലായിരുന്നു. ചുട്ടുപൊള്ളുന്ന വെയിൽ ആയിരുന്നതുകൊണ്ട് പുറത്തിറങ്ങികളിക്കനൊന്നും ഏറെ സമയം പറ്റിയില്ല. പിന്നെ കുറെ ചിത്രങ്ങൾ വരച്ചും പേപ്പർക്രാഫ്റ്റ് ചെയ്തും,ഫോൺനോക്കിയും ഒക്കെ കുറച്ചുസമയം കഴിഞ്ഞുകിട്ടും വൈകുന്നേരങ്ങളിൽ കൃഷി ഭവനിൽ നിന്നുകിട്ടിയ പച്ചക്കറിവിത്തുകൾ അടുക്കളത്തോട്ടത്തിൽ നട്ടും എല്ലാദിവസവും രാവിലെയും വൈകുന്നേരവും അത് നനച്ചും അതിന് വളം ചെയ്തും അങ്ങനെയൊക്കെയായി. അമ്മയും അച്ഛനും എന്നെ സഹായിച്ചിരുന്നു. ഞങ്ങൾ പച്ചക്കറിക്ക് ജൈവവളമാണ് ഉപയോഗിച്ചത് . എന്റെ വീട്ടിൽ ഒരു പശുവും കുട്ടിയും ഉണ്ട് അതുകൊണ്ട് പച്ചക്കറിക്ക് ഇടാനുള്ള ചാണകവും വീട്ടിൽ തന്നെ ഉണ്ടായിരുന്നു. പിന്നെ കുറെ ചെടികളും കറ്റാർവാഴയും കൊന്നമരവും എല്ലാം എന്നിക്ക് ഉണ്ടായിരുന്നു. കൊന്ന സ്കൂളിൽ നിന്ന് കിട്ടിയതായിരുന്നു. അതുപോലെ വേറെയും കുറെതൈകൾ നട്ടിരുന്നു.



ഈ അവധികാലത്ത് അതൊക്കെ കണ്ടപ്പോൾ എന്നിക്ക് വലിയ സന്തോഷമായിരുന്നു. ഇനിയും നടണമെന്ന് ആഗ്രഹം വന്നു. സ്കൂൾ അടച്ച് കുറെ ദിവസം കഴിഞ്ഞപ്പോൾ ഞാൻ എന്റെ അമ്മയുടെ വീട്ടിൽ പോയി അവിടെ അമ്മയുടെ സഹോദരങ്ങളും മക്കളും ഉള്ളതുകൊണ്ട് ഫോൺനോക്കാൻ ഒന്നും സമയം ഇല്ലായിരുന്നു. അവിടെ വെയിലിന്റെ ചൂടുക്കുറവാണ് മുറ്റത്ത് പന്തലിച്ചുക്കിടക്കുന്നത് ആര്യവേപ്പാണ്. തൊടിയിൽ മരങ്ങളും,ചെടികളും,വെറ്റില്ലകൊടിയും ഇഞ്ചി,മഞ്ഞൾ,ചേന,കാച്ചിൽ അങ്ങനെ എല്ലാകൃഷിയും ഉണ്ട്. അമ്മയുടെ അച്ഛൻ ഒരു മികച്ച കർഷകന്റെ ആദരവ് ലഭിച്ച ഒരാളാണ്.

ഒരു ദിവസം ഞങ്ങൾ സൂര്യാസ്തമയസമയത്ത് എല്ലാവരും കൂടി അവിടുത്തെ പുഴയുടെ അടുത്ത് പോയിരുന്നു. അവിടെ പലതരം പക്ഷികളുടെ ശബ്ദം കേട്ടു പുഴയിലേക്ക് നോക്കിയാൽ ചെറുതും വലുതുമായ മത്സ്യങ്ങളെ കാണാൻ കഴിയും. അവിടെ തന്നെ മനോഹരമായ പൂക്കളാൽ നിറഞ്ഞുകിടക്കുന്നു.വിഷുകൊന്നയും കാണാൻ കഴിഞ്ഞു.എവിടെന്നൊക്കെയോ പടകത്തിന്റെ ശബ്ദം കേൾക്കുന്നുണ്ടായിരുന്നു. ഞങ്ങക്കും കുറെപടകം വാങ്ങിത്തന്നിരുന്നു. വിഷുവിന് മനോഹരമായ വിഷുകണിയും ഒരുക്കിയിരുന്നു. രാവിലെ ഉണർന്ന് എല്ലാവരും കണികണ്ടു പിന്നെ കുറെ പൈസയും കൈനീട്ടമായ് കിട്ടിയിരുന്നു. മത്താപ്പൂവും പടക്കങ്ങളും എല്ലാം കത്തിച്ചും പൊട്ടിച്ചും തീർക്കാൻ വേണ്ടി രാത്രിയാവാൻ കാത്തിരുന്നു. അങ്ങന്നെ കുറെ നല്ല നിമിഷങ്ങൾ തന്ന ഒരു അവധികാലം കൂടിയാണ് കഴിഞ്ഞുപോയത്.

ശ്രീലക്ഷ്മി.എസ് 9A

# അവധിക്കാല അനുഭവക്കുറിപ്പ്

എന്റെ അവധിക്കാല അനുഭവം ഒരു മെയ് മാസം ആയിരുന്നു. ഏപ്രിൽ മാസം മുഴുവൻ ഞാൻ എൽ എസ് എസ്സിന്റെ പിറകെ ആയിരുന്നു. മെയ് മാസം ഞങ്ങൾ അമ്മയുടെ വീടായ വയനാട്ടിലെ സുൽത്താൻ ബത്തേരിയിലേക്ക് യാത്ര തുടങ്ങി. താമരശ്ശേരി ചുരം കയറാൻ തുടങ്ങിയപ്പോൾ തന്നെ കോടമഞ്ഞും തണുപ്പും ഉണ്ടായിരുന്നു. നല്ല ഭംഗിയാണ് ചുരം കാണാൻ. അങ്ങനെ ഞങ്ങൾ ആറ് ദിവസം അവിടെ നിന്നതിനു ശേഷം ഞങ്ങൾ തിരിച്ചു വീട്ടിലേക്ക് വന്നു. അപ്പോൾ അമ്മ പറഞ്ഞു നമുക്കൊരു പച്ചക്കറി കൃഷി തുടങ്ങിയാലോ എന്ന് ,അപ്പോൾ ഞങ്ങളൊക്കെ പറഞ്ഞു എന്നാൽ ശരിനമുക്ക് അടുത്ത ആഴ്ച്ച തന്നെ തുടങ്ങാം.അങ്ങനെ ഞങ്ങൾ കൃഷി തുടങ്ങി.കുറേ നാൾ കഴിഞ്ഞപ്പോൾ നല്ല വിളവ് ലഭിച്ചു.

കുമ്പളങ്ങ കൃഷി ചെയ്തത് ഞങ്ങൾക്ക് വളരെ സന്തോഷമായി.ഇതൊക്കെ അറിഞ്ഞ അമ്മമ്മ പറഞ്ഞു എങ്കിൽ കുറച്ച് എനിക്കും കൊണ്ടു തരു എന്ന് . അങ്ങനെ പിറ്റേ ദിവസം കുമ്പളങ്ങയുമായി വയനാട്ടിലേക്ക് ,അച്ഛനും അമ്മയും അനുജത്തിയും തിരിച്ച് നാട്ടിലേക്ക് പോന്നു. ഞാൻ വയനാട്ടിൽ തന്നെ നിന്നു. എന്തു രസമാണ് അവിടെ നിൽക്കാൻ. അന്ന് അമ്മമ്മ ചിക്കൻ ബിരിയാണി ഉണ്ടാക്കി തന്നു ,നല്ല രുചിയുണ്ടായിരുന്നു.അടുത്ത ദിവസം കുമ്പളങ്ങ കറി അതും ഞാൻ നല്ലവണ്ണം കൂട്ടി. പിറ്റേ ദിവസം ഇതേ കറി തന്നെ,ഏകദേശം ഒരാഴ്ച്ചയോളം ഇതേ കറി തന്നെ. എന്നും ഞാൻ അമ്മയെ വിളിക്കും,ഒരു ദിവസം അമ്മയെന്നെ വിളിച്ചപ്പോൾ ചോദിച്ചു എന്താമോളേ കറി ,ഞാൻ പറഞ്ഞു അമ്മേ കുമ്പളം തന്നെ എനിക്ക് ഈ കറി കൂട്ടി തലവേദന എടുക്കുന്നു എന്നെ ഇവിടുന്നു കൊണ്ടുപോകൂ എന്നു പറഞ്ഞു . അതിനു ശേഷം ഞാൻ എപ്പൊഴെങ്കിലും കുമ്പളങ്ങ കറി കൂട്ടിയാൽ ആയി. അങ്ങനെ നാട്ടിലേക്ക് വന്നു .അപ്പോഴേക്കും മെയ് മാസം കഴിഞ്ഞ് സ്കൂൾ തുറന്നു,പിന്നെ സ്കൂളിൽ. അപ്പോഴേക്കും കോവിഡ് എന്ന മഹാമാരി പടർന്നു പിടിച്ചു. അതിനു ശേഷം സ്കൂളിൽ പോയില്ല . പിന്നെ എപ്പോൾ വീട്ടിൽ കുമ്പളങ്ങകറി വച്ചാലും എന്നെ എല്ലാവരും കളിയാക്കും . അമ്മമ്മ വിളിച്ച് എന്താ മോളേ കറി എന്നു ചോദിച്ച് അതിനു കുമ്പളം എന്നു പറഞ്ഞാലും അപ്പം കളിയാക്കും അമ്മമ്മയും അമ്മച്ഛനും. ഞാൻ ഇപ്പോൾ എട്ടാം ക്ലാസ്സിൽ. ഇനി എനിക്ക് എത്ര വയസ്സായാലും എന്റെ ഈ അനുഭവങ്ങൾ എന്റെ ഉള്ളിൽ നിന്ന് പോവില്ല. അതൊക്കെ എന്റെ മനസ്സിൽ ഒരു പുത്തൻ രസകരമായ ഓർമ്മയായി നിലനിൽക്കും . ഇത്ര രസകരമായ അവധിക്കാലം .



**ആര്യനന്ദ 8A**

# GOLDEN DAYS



Childhood days are the golden
days you live.

Life without childhood is like birds
without wings

I still remember that silly moments
even it happen years ago

That was the days of full enjoy-
ment,peace and joy

The crackhead jokes you share
with your friends are the best
of your entire life.

I wish to live that moments
once again.

Without that school memories
your ife is like a blank wall.

At that era you are cute shining-
star with the power of spreading
light.

Life is going on
as that do

Don’t finish that hope
your golden days are coming once again...

Nadika B. 10B

# വേനൽ അവധിക്കാലം

രണ്ട് മാസത്തെ അവധിക്കാലം. ഏറെ കുട്ടികൾക്കും അതൊരു ആഘോഷം പോലെയാണ്. എന്നാലും ചിലർക്കെങ്കിലും സ്കൂളും കൂട്ടുകാരും ഇല്ലാത്ത ദിവസങ്ങൾ സുഖകരമായിരിക്കില്ല. പക്ഷെ എനിക്കിഷ്ടം എന്റെ അനിയത്തിയോടൊപ്പം കളിക്കാനാണ് . അവധിക്കാലത്തെ ആദ്യ ആഴ്ച്ചയിൽതന്നെ എന്റെ നാടായ,കേരളത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരത്തേക്ക്പോയി. എന്റെ കൂടെ എന്റെ പപ്പയും ,മമ്മയും,അനിയത്തിയുമുണ്ടായിരുന്നു. ഞങ്ങൾ ട്രെയിനിലാണ് പോയത്. അങ്ങനെ ഞങ്ങൾ തിരുവനന്തപുരത്തെ വീട്ടിലെത്തി ഞങ്ങളുടെ വീടിന്റെ തൊട്ടടുത്ത് തന്നെയാണ് അമ്മയുടെ പപ്പയും ,മമ്മയും താമസിക്കുന്നത്. അവിടെ പോയാൽ പിന്നെ ഞാനും അനിയത്തിയും ആടിന്റെയും കോഴിയുടെയും പട്ടിയുടെയും പിന്നാലെയായിരിക്കും. പിന്നെ സമയം പോകുന്നത് ഞങ്ങൾ അറിയില്ല . ഞങ്ങൾ ഇത്തവണ പോയപ്പോൾ മൂന്ന് ആട്ടിൻകുട്ടികൾ ഉണ്ടായിരുന്നു. ആടിനു പുല്ല് കൊടുക്കാനും വെള്ളം കൊടുക്കാനും ഞങ്ങൾ കൂടും. അങ്ങനെ നാട്ടിലെത്തി ഒന്നുരണ്ടു ദിവസം കഴിഞ്ഞപ്പോഴാണ് ഈസ്റ്റർ . അങ്ങനെ ഈസ്റ്റർ ദിനത്തിൽ ഞങ്ങൾ അതിരാവിലെ പള്ളിയിലേക്ക് പോയി , റാലി ഉണ്ടായിരുന്നു. എല്ലാവരും മെഴുകുതിരിയും പിടിച്ച് വരിയായിനടന്നു. നേരം പുലർന്നപ്പോൾ റാലി കഴിഞ്ഞ് ഞങ്ങൾ പള്ളിയിൽ മടങ്ങിയെത്തി . അതിനുശേഷം പള്ളിയിലെ ആരാധനയിലായിരുന്നു. അതും കഴിഞ്ഞ് ഞങ്ങൾ വീട്ടിലേക്ക് മടങ്ങി. അന്നു ഞങ്ങളുടെ വീട്ടിലായിരുന്നു ഈസ്റ്റർ ആഘോഷം. ഞങ്ങളുടെ ബന്ധുക്കൾ എല്ലാവരും ഉണ്ടായിരുന്നു. അങ്ങനെ എല്ലാവർക്കും ഒന്നിച്ച് ഈസ്റ്റർ ആഘോഷിക്കാൻ കഴിഞ്ഞു.

കുറച്ചു ദിവസങ്ങൾക്കു ശേഷം ഞങ്ങൾനാലുപേരും പിന്നെ അപ്പൂപ്പൻ,അമ്മമ്മ, കൊച്ചച്ചൻ,കുഞ്ഞമ്മ എന്റെ ഒരേയൊരു ചേട്ടൻ , പിന്നെ അനിയത്തിയുമൊന്നിച്ച് പൂവാർ എന്ന വിനോദസഞ്ചാര കേന്ദ്രത്തിലേക്കു പോയി.അവിടെ പോയപ്പോൾ കായലും കടലും സങ്കമിക്കുന്ന സ്ഥലം കാണാൻ ഞങ്ങൾക്ക് സാധിച്ചു അതൊരു അത്ഭുതകാഴ്ച്ചയായിരുന്നു. ഞങ്ങൾക്ക് ഒരു വശത്ത് ശാന്തമായ കായൽ അതിനോടൊപ്പം ചേർന്ന് വലിയ തിരമാലയോടുകൂടിയ കടൽ. വെള്ളം ഇരുവശത്തേക്കും മാറിയ സമയം ഞങ്ങൾ അവിടെ ഒന്നിറങ്ങി . ഞങ്ങൾ അവിടെ എത്തിയപ്പോൾ ഒരാൾ ഒട്ടകത്തെ കുളിപ്പിക്കുന്നുണ്ടായിരുന്നു. അവിടെ നിന്നാണ് ആദ്യമായി ഞാൻ ഒട്ടകത്തെ നേരിട്ട് കാണുന്നത്. അയാൾ ആ ഒട്ടകത്തെ കുളിപ്പിച്ച ശേഷം ഒരു പുൽപ്രദേശത്ത് കൊണ്ടുകെട്ടി ,ഞങ്ങൾ ആ ഒട്ടകത്തിനെ ഒന്നു തൊട്ടു എന്നിട്ട് അതിനടുത്തു നിന്ന് ഫോട്ടോയും എടുത്തു.ഞങ്ങൾ എന്നിട്ട് കടലിൽ നിന്ന് കുറേ ചിപ്പികൾ എടുത്തു.ഞങ്ങൾ അവിടെനിന്ന് കുറേ നേരം ഓടിക്കളിച്ചു .ഞങ്ങൾ നാലുകുട്ടികളും മണലിൽ കുഴിയുണ്ടാക്കിയും ,മണൽക്കൂനയുണ്ടാക്കിയും കളിച്ചു .പിന്നെ എനിക്കതിൽ ഏറ്റവും ഇഷ്ടപ്പെട്ടത് മണലിൽ പേരെഴുതുമ്പോൾ കടൽ തിരമാലകൾ അതു മായിച്ചു കളയുന്നതായിരുന്നു. പിന്നെ തിരമാലകൾ വരുമ്പോൾ ഞങ്ങൾ നാലുപേരും കൈപിടിച്ചു മുന്നിലേക്കും പിന്നിലേക്കും ഓടും. അങ്ങലെ ഞങ്ങൾ ധാരാളം സമയം അവിടെ ചിലവഴിച്ചു .പിന്നെ സൂര്യൻ മറയുമ്പോഴാണ് ഞങ്ങൾ വൈകുന്നേരം ആയി എന്നറിയുന്നത് . അങ്ങനെ വൈകുന്നേരം സൂര്യാസ്തമയവും കണ്ട് ഞങ്ങൾ എല്ലാവരും മടങ്ങി . മടങ്ങുമ്പോൾ ഞങ്ങൾക്കെല്ലാവർക്കും പപ്പ ഐസ് വാങ്ങി തന്നു , അത് ആസ്വദിച്ചു കഴിച്ച് ഞങ്ങൾ വീട്ടിലേക്ക് മടങ്ങി

അങ്ങനെ ഒന്നു രണ്ടു ആഴ്ച്ചകൾ കടന്നു പോയി കളിയും ചിരിയും തമാശകളും ഞങ്ങൾ നല്ലവണ്ണം ആസ്വദിച്ചു.അങ്ങനെയിരിക്കെ ഞങ്ങളുടെ അപ്പൂപ്പന്റെ പിറന്നാൾ ദിനം എത്തി,അന്ന് ഞങ്ങൾ അമ്മയുടെ അനിയത്തിമാരെയും ബന്ധുക്കളെയും എല്ലാം വിളിച്ചു ഞങ്ങൾ അപ്പൂപ്പനു ഒരു സർപ്രൈസ് കൊടുക്കാൻ തീരുമാനിച്ചു. വൈകുന്നേരമായപ്പോൾ അവർ എല്ലാവരും എത്തി .എന്നിട്ട് അപ്പൂപ്പനെയും കൂട്ടി ഞങ്ങൾ ഞങ്ങളുടെ വീട്ടിൽ വന്നു .എന്നിട്ട് രാവിലെ വാങ്ങി ഫ്രിഡ്ജിൽവച്ച കേക്ക് എടുത്ത് കൊണ്ടുവന്നു .പിന്നെ അപ്പൂപ്പൻ കട്ട് ചെയ്തു എല്ലാവർക്കും കൊടുത്തു .എന്നിട്ട് ഞങ്ങൾ എല്ലാവരും നിന്ന് ഫാമിലി ഫോട്ടോയും എടുത്തു . അങ്ങനെ അപ്പൂപ്പന്റെ പിറന്നാൾ ഞങ്ങൾ അതിമനോഹരമായി ആഘോഷിച്ചു .

അങ്ങനെ ആഘോഷവും പരിപാടികളുമായി ദിവസങ്ങൾ കടന്നുപോയി. അങ്ങനെ കോഴിക്കോട്ടേക്ക് മടങ്ങി വരേണ്ട ദിവസം എത്തി. ഞങ്ങൾ എല്ലാവരോടും യാത്ര പറഞ്ഞു അതായിരുന്നു ഏറ്റവും വിഷമകരമായ കാര്യം. വീണ്ടും ഞങ്ങൾ നാലുപേരും മാത്രം. അടുത്ത ദിവസം പുലർച്ചയുള്ള ട്രെയിനിൽ ഞങ്ങൾ നാലു പേരും മടങ്ങി എത്തി



അങ്ങനെ ഞങ്ങൾ കോഴിക്കോട്ടെ വീട്ടിലെത്തി . പിന്നെയുള്ള ദിവസങ്ങൾ എന്റെ കലാപരിപാടികളും പുസ്തക വായനയും ,ഗണിത പാറ്റേണുകൾ വരയ്ക്കുക എന്നതുമായിരുന്നു. ഞാൻ എം.ടി വാസുദേവന്റെ 'ഒപ്പോളം',ബെന്യാമിന്റെ 'ആടുജീവിതം'പിന്നെ എസ്.കെ പൊറ്റകാടിന്റെ 'ഒരു ദേശത്തിന്റെ കഥയും',
കെ ആർ മീരയുടെ 'ആരാച്ചാറും 'വായിച്ചു തീർത്തു . പിന്നെ വിവിധ തരത്തിലുള്ള ഗണിത പാറ്റേണുകൾ വരച്ചു നിറം കൊടുക്കുമായിരുന്നു ,അതു ഞാൻ അനിയത്തിയ്ക്കും പഠിപ്പിച്ചു കൊടുത്തു. മിക്കവാറും ഞങ്ങൾ ഒന്നിച്ചാണ് വരയ്ക്കാറ് . പിന്നെ ഞാൻ എന്റെ വീട്ടിലെ പൂന്തോട്ടെ കുറച്ചുകൂടി മനോഹരമാക്കി ,മനോഹരമാക്കാൻ ഞാൻ തിരുവനന്തപുരത്തു നിന്നു കടലിൽ പോയപ്പോൾ എടുത്ത ചിപ്പികൾ ഉപയോഗിച്ചു ,അതു ചെടിച്ചട്ടിയിൽ നിരത്തി വച്ചു .വീട്ടിനകത്തും കുറച്ചു ചെടികൾ വച്ചു . അങ്ങനെ ദിവസങ്ങൾ കടന്നു പോയിക്കൊണ്ടിരുന്നു ,അതിനിടയിൽ ഞാനും അനിയത്തിയും തമ്മിലുള്ള വഴക്കുകളും കളികളും എല്ലാം ഉണ്ടായിരുന്നു

സ്കൂൾ തുറക്കുന്നതിനു രണ്ടു ദിവസം മുന്നെയാണ് എന്റെ പിറന്നാൾ. അന്ന് ഞങ്ങൾ കേക്ക് വാങ്ങി അത് ഞാൻ കട്ട് ചെയ്ത് എല്ലാവർക്കും കൊടുത്തു .പിന്നെ ഞങ്ങൾ ചിക്കൻ ബിരിയാണി ഉണ്ടാക്കി .അങ്ങനെ എന്റെ അവധിക്കാലം കഴിഞ്ഞു . അടുത്ത അവധിക്കാലത്തിനായും,അതിന്റെ ഓർമകൾക്കായും ഞാൻ കാത്തിരിക്കുന്നു.

**Jismi. 10A**

# മാതാപിതാക്കൾ



അമ്മ എന്നത് ദൈവത്തിന് തുല്യമാണ്. അമ്മയെ നമ്മൾ കുറ്റം പറയാനോ അമ്മ പറയുന്നതിനോട് യോജിക്കാതിരിക്കുകയോ ചെയ്യരുത്. അച്ഛൻ ഒന്നും ചെയ്യുന്നില്ല എന്നല്ല ഞാൻ പറഞ്ഞുവരുന്നത്. കുട്ടികളുടെ ജീവിത്തിലെ എറ്റവും പ്രധാനപ്പെട്ട ഒന്നാണ് അവരുടെ രക്ഷിതാക്കൾ. ഇപ്പോൾ നാം എല്ലാവരും കേൾക്കുന്ന ഒന്നാണ് രക്ഷിതാക്കളെ അനാഥാലയങ്ങളിൽ ഉപേക്ഷിക്കുന്നത്. ഇത്രയും കാലം അവർ നമ്മളെ പൊന്നുപോലെ നോക്കിവളർത്തുന്നു. നമ്മളെ പഠിപ്പിക്കാൻ വേണ്ടി അവർ കിട്ടുന്ന പണിക്കെല്ലാം പോയി , അവരുടെ എല്ലാ ആവശ്യങ്ങളും നമുക്കായി മാറ്റിവെച്ച് നമ്മുടെ ആഗ്രഹങ്ങൾ സാധിച്ചുതരുന്നു.

ഇനിയെങ്കിലും പ്രിയ രക്ഷിതാക്കളെ , കുട്ടികൾ ഉണ്ടായെന്ന് വെച്ച് നിങ്ങളുടെ സ്വപ്നങ്ങളും ആഗ്രഹങ്ങളും മാറ്റിവെക്കാതിരിക്കുക. അല്ലാതെ ആ പൈസ മുഴുവൻ കുട്ടികളുടെ ആവശ്യത്തിന് ചെലവാക്കാതിരിക്കുക. ചെലവാക്കണം പക്ഷെ നിങ്ങളുടെ ആവശ്യത്തിനുള്ളത് മാറ്റിവെച്ചുകൊണ്ട് മാത്രം. അല്ലെങ്കിൽ ഇതൊന്നും ഓർക്കാതെ അവർ വലുതായി ഒരു നിലയിൽ എത്തുമ്പോൾ നിങ്ങളെ തെരുവിലേക്ക് വലിച്ചെറിയുന്ന ഒരു അവസ്ഥ ഇനി വരാതിരിക്കട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

ഞാൻ ഇങ്ങനെയൊന്നും ചെയ്യില്ല എന്ന് എനിക്ക് നല്ല വിശ്വാസമുണ്ട്.കാരണം...വന്ന വന്ന വഴി ഒരിക്കലും ഞാൻ മറക്കില്ല.

"ഇനിയും മാതാപിതാക്കളെ വലിച്ചെറിയുന്ന
മക്കൾ ഇതൊന്ന് ഓർത്തിരിക്കട്ടെ....."



ആര്യനന്ദ 8A

# 2023- 2024 Batch



